17646
5/11/16

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ് - ശ്രീ.ജി.ആർ.ബിനോദ്കുമാർ ലോവർ ഡിവിഷൻ ക്ലാർക്കിനെതിരെയുള്ള അച്ചടക്ക നടപടി - റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം-വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാ) നം.418/2016/വനം തീയതി, തിരുവനന്തപുരം 01.11.2016

---

പരാമർശം:-

1. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.06.2012-ലെ എ.ബി.പി 1-431/08 നമ്പർ നടപടി ഉത്തരവ്.
2. ശ്രീ.ജി.ആർ.ബിനോദ്കുമാർ, 26.06.2012 ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് (ഭരണം) സമർപ്പിച്ച അപ്പീൽ.
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 19.10.2015-ലെ ബി 6- 11313/2012 നമ്പർ നടപടി ഉത്തരവ്.
4. ശ്രീ.ജി.ആർ.ബിനോദ്കുമാർ 01.12.2015 ൽ സർക്കാരിലേക്ക് സമർപ്പിച്ച റിവ്യൂ ഹർജി.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം)-റുടെ 19.01.2016-ലെ ബി 6- 11313/2012 നമ്പർ കത്ത്.
6. 21.03.2016 ലെ 409878/എ 1/2016/വനം നമ്പർ സർക്കാർ കത്ത്.
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 01.10.2016 ലെ AI (3)2620/2016/GW നമ്പർ കത്ത്

## ഉത്തരവ്

ശ്രീ.ജി.ആർ.ബിനോദ്കുമാർ, ലോവർ ഡിവിഷൻ ക്ലാർക്ക്, തിരുവനന്തപുരം നെയ്യാർ വന്യജീവി സങ്കേതത്തിൽ ജോലി നോക്കി വരവെ 23.02.2008-ൽ ഓഫീസിലെ റവന്യൂ

കളക്ഷൻ തുകയായ 5355/-രൂപ ട്രഷറിയിൽ അടയ്ക്കുന്നതിനായി കൊണ്ടു പോയതിനുശേഷം 06.03.2008-ൽ മാത്രമാണ് ഓഫീസിൽ ഹാജരായത്. ഇതിനിടെ 23.02.2008-ൽ ടിയാൻ കൊണ്ടുപോയ 5355/-രൂപ ട്രഷറിയിൽ അടയ്ക്കാതെ 29.02.2008-ന് ടിയാന്റെ പിതാവ് മുഖാന്തിരം ഓഫീസിൽ തിരികെ ഏൽപ്പിക്കുകയും ചെയ്തു. ടി കുറ്റത്തിന് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവായി.

ടി ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുൻപാകെ അപ്പീൽ സമർപ്പിക്കുകയും അത് പരാമർശം(3) പ്രകാരം നിരസിക്കുകയും ചെയ്തു.

പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിലേക്ക് റിവ്യൂ ഹർജി സമർപ്പിച്ചതിന്മേൽ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5) പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി. ടിയാൻ റിവ്യൂ ഹർജി കാലാവധിക്കുള്ളിൽ തന്നെയാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഇപ്പോഴത്തെ ഹർജിയിലെ ചില വാദമുഖങ്ങൾ മാനുഷിക പരിഗണന അർഹിക്കുന്നവയാണെന്നും ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ടതുപോലെ ടിയാനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും ശുപാർശ ചെയ്യുകയുണ്ടായി.

അതിൻ പ്രകാരം ടിയാനെ 19.02.2016 ൽ വനം വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ശാരീരികാസ്വാസ്ഥ്യം കാരണമാണ് ട്രഷറിയിലടയ്ക്കേണ്ട തുക തിരികെ ഓഫീസിലെത്തിക്കാൻ കഴിയാതിരുന്നതെന്നും, അത് റേഞ്ച് ഓഫീസറെ യഥാസമയം അറിയിച്ചിരുന്നതായും കഠിനശിക്ഷയിൽ നിന്ന് ഒഴിവാക്കണമെന്നും തദവസരത്തിൽ ടിയാൻ അറിയിക്കുകയുണ്ടായി.

നേരിൽ കേട്ടതിൽ, അഞ്ച് ദിവസത്തിലേറെ സർക്കാർ പണം മതിയായ കാരണങ്ങളില്ലാതെ ട്രഷറിയിലടയ്ക്കാതെ സ്വന്തം പക്കൽ സൂക്ഷിച്ചു എന്ന ചാർജ്ജ് നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും മേൽ തുക ദുരുപയോഗം ചെയ്തതായി തെളിഞ്ഞിട്ടില്ല. ശാരീരികാസ്വാസ്ഥ്യം കാരണമാണ് ട്രഷറിയിലടയ്ക്കേണ്ട തുക തിരികെ ഓഫീസിലെത്തിക്കാൻ കഴിയാതിരുന്നതെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ്. കൂടാതെ 5 ദിവസങ്ങൾക്കു ശേഷം പ്രസ്തുത തുക വകുപ്പിന് തിരിച്ചേൽപ്പിച്ചതിനാൽ സർക്കാർ നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന കാലയളവ് അവധിയായി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. ജി. ആർ. ബിനോദ് കുമാറിന് നൽകിയ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക' എന്ന ശിക്ഷ ലഘൂകരിച്ച് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ഭാഗം V ചട്ടം 11 (1) പ്രകാരമുള്ള 'ശാസന' നൽകി തീർപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്മേൽ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (6) പ്രകാരം ആരായുകയുണ്ടായി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (7) പ്രകാരം സർക്കാരിന്റെ മേൽ തീരുമാനത്തോട് യോജിച്ചുകൊണ്ട് അപ്രകാരം റിവ്യൂ ഹർജി തീർപ്പാക്കാൻ ഉപദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീ. ജി. ആർ. ബിനോദ് കുമാർ, ലോവർ ഡിവിഷൻ ക്ലാർക്കിന് പരാമർശം (1) പ്രകാരം നൽകിയ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക' എന്ന ശിക്ഷ ലഘൂകരിച്ച് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ഭാഗം V ചട്ടം 11 (1) പ്രകാരമുള്ള 'ശാസന' നൽകി ടിയാന്റെ റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അനിൽകുമാർ.ജി

അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.ജി.ആർ.ബിനോദ് കുമാർ, ലോവർ ഡിവിഷൻ ക്ലർക്ക്, സോഷ്യൽ ഫോറസ്ട്രി വിഭാഗം, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസ് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ ) കേരള, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മിഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ